## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3391** **19.06.2019 ൽ മറുപടിയ്ക്ക്**

## വാഹനങ്ങളുടെ നികുതി കടിശ്ശിക പിരിച്ചെടുക്കാൻ നടപടി

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൃത്യമായ പരിശോധനയും തുടർനടപടികളും ഇല്ലാത്തതിനാൽ രജിസ്ട്രേഷൻ പുതുക്കാത്ത വാഹനങ്ങളുടെ നികുതി കുടിശ്ശികയിലും പിഴയിനത്തിലുമടക്കം മോട്ടോർ വാഹന വകുപ്പിന് എത്ര രൂപ പിരിഞ്ഞു കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കൃത്യമായ പരിശോധനയും തുടർനടപടികളും നടത്തുന്നുണ്ടെങ്കിലും മോട്ടോർ വാഹന വകുപ്പിൽ രജിസ്ട്രേഷൻ പുതുക്കാത്ത നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി കുടിശ്ശിക പിരിഞ്ഞു കിട്ടാനുണ്ട്. കുറെയേറെ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ കാലാവധി കഴിഞ്ഞ ശേഷം നിരത്തുകളിൽ ഉപയോഗിക്കാൻ സാധിക്കാതെ ഉപയോഗശൂന്യമായി നശിച്ചുപോകുന്നുണ്ട്. എന്നാൽ രജിസ്ട്രേഷൻ പുതുക്കാതെയും നികുതി അടയ്ക്കാതെയും വാഹനങ്ങൾ നിരത്തിലിറങ്ങിയാൽ വാഹന പരിശോധനാ ഉദ്യോഗസ്ഥർ അവ കൃത്യമായി കണ്ടെത്തുകയും വാഹനം പിടിച്ചെടുക്കുകയും പിഴ അടപ്പിക്കുകയും ചെയ്യും. വാഹന പരിശോധനകൾ ശക്തിപ്പെടുത്തുന്നതിനായി 24 മണിക്കൂർ പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ കേരളത്തിലെ ഏത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലും ഉടമസ്ഥാവകാശം മാറ്റുന്നതിനും മറ്റു സേവനങ്ങൾ നടത്തുന്നതിനും രജിസ്ട്രേഷൻ നിലനിൽക്കുന്ന ഓഫീസിന്റെ അനുവാദമില്ലാതെ സാദ്ധ്യമാണ്. ആയതിനാൽ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ആയതിനാൽ നികുതി കുടിശ്ശിക വരുത്തിയ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ കൃത്യമായ കണക്ക് ശേഖരിക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണ്. ടാക്സ് കുടിശ്ശിക വരുത്തിയിട്ടുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് കൃത്യമായി ഡിമാന്റ് നോട്ടീസ് അയയ്ക്കുകയും റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞവയും ഉപയോഗ ശൂന്യ മായവയും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെ/ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെ അനുവാദമില്ലാതെ പൊളിച്ചു മാറ്റപ്പെട്ടതോ ആയ വാഹനങ്ങളുടെ നികുതി ഈടാക്കുന്നതിനും തുടർന്ന് ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നതിനുമായി സർക്കാർ ഒറ്റത്തവണ തീർപ്പാക്കാൻ പദ്ധതി നടപ്പാക്കിയിരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുമ്പോഴും നിയമപ്രകാരം പിരിഞ്ഞു കിട്ടേണ്ട തുക പിരിച്ചെടുക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) യും (സി) യും | നിയമപ്രകാരം കിട്ടേണ്ട തുക സർക്കാരിന് പിരിഞ്ഞു കിട്ടേണ്ടതായിട്ടുണ്ട്. ടാക്സ് കടിശ്ശിക വരുത്തിയിട്ടുള്ള മുഴുവൻ വാഹനങ്ങൾക്കും ഡിമാന്റ് നോട്ടീസ് അയയ്ക്കുകയും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. കൂടാതെ നികുതി അടയ്ക്കാതെ നിരത്തിലിറങ്ങുന്ന വാഹനങ്ങൾ കണ്ടെത്തുന്നതിനും എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനായി 187 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടേയും 65 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടേയും 10 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടേയും തസ്തികകൾ വകുപ്പിൽ പുതുതായി സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. ഡിമാന്റ് നോട്ടീസ് അയച്ചിട്ടും നോട്ടീസ് കൈപ്പറ്റാത്ത വാഹനങ്ങളെ കണ്ടെത്തി നോട്ടീസ് സെർവ് ചെയ്യുന്നു. അതിനുശേഷവും നികുതി അടയ്ക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നു. വാഹനം രജിസ്റ്റർ ചെയ്യുമ്പോൾ ഹാജരാക്കുന്ന അഡ്രസ്സിന്റെ അടിസ്ഥാനത്തിലാണ് വാഹനം രജിസ്റ്റർ ചെയ്ത് നൽകുന്നത്. എന്നാൽ പ്രസ്തുത വാഹനയുടമ ഈ അഡ്രസ്സിൽ നിന്നും മാറി താമസമാക്കിയാൽ അല്ലെങ്കിൽ വസ്തുവകകൾ വിറ്റ് താമസം മാറിപ്പോയാൽ വാഹനയുടമയെ കണ്ടെത്തുന്നതിന് നിലവിൽ കഴിയാത്ത അവസ്ഥയാണുള്ളത്. |
| (സി) | പ്രസ്തുത കടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ